പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**10.06.2019 -ലെ മറുപടിയ്ക്ക്**

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ.1049

## തോട്ടം മേഖലയിലെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ. എം.വിൻസന്റ്<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. വി.ഡി.സതീശൻ | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) പ്രവർത്തനരഹിതമോ ഉപേക്ഷിച്ചതോ ആയ തോട്ടങ്ങൾ ഏറ്റെടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ ഈ പദ്ധതി പ്രകാരം ഏതൊക്കെ തോട്ടങ്ങൾ ഏറ്റെടുത്തുവെന്നും അതിനായി എന്ത് തുക കോമ്പൻസേഷൻ ഇനത്തിൽ നൽകാനാണെന്ന് വ്യക്തമാക്കാമോ; | എ) പരിശോധിക്കുന്നതാണ്. |
| ബി) തോട്ടം തൊഴിലാളികളുടെ മിനിമം കൂലി പരിഷ്ക്കരിക്കുന്ന കാര്യം ഏത് ഘട്ടത്തിലാണ്; ഏത് വർഷം മുതലാണ് തോട്ടം മേഖലയിൽ മിനിമം കൂലി പുതുക്കി നിശ്ചയിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; | ബി) തോട്ടം തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച ചർച്ചകൾ പുരോഗമിച്ചുവരുന്നു. ടി ചർച്ചകളിൽ മിനിമം വേതനം സംബന്ധിച്ച് സമവായത്തിലെത്തിച്ചേരാൻ കഴിയാത്ത സാഹചര്യത്തിൽ തൊഴിലാളികൾക്ക് പ്രതിദിനം 50/- രൂപ ഇടക്കാലാശ്വാസം 01.02.2019 മുതൽ അനുവദിച്ചുകൊണ്ട് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ഒത്തുതീർപ്പ് കരാർ ഉണ്ടാക്കിയിട്ടുണ്ട്.<br><br>മിനിമം വേതന നിയമപ്രകാരം വിജ്ഞാപനം ചെയ്യപ്പെടുന്ന വേതന വ്യവസ്ഥയ്ക്ക് പരമാവധി 5 വർഷക്കാലാവധി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി കരാർ വ്യവസ്ഥ പ്രകാരം നിശ്ചയിക്കുന്ന വേതന കരാറിന് 3 വർഷത്തെ കാലാവധി നിശ്ചയിച്ചുവരുന്നു. |
| സി) തോട്ടം മേഖലയ്ക്കായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നു വിശദമാക്കുമോ? | സി) തോട്ടം മേഖലയ്ക്കായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്ന വിഷയം സർക്കാർ വിവിധതലങ്ങളിൽ സജീവമായി പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**